# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## ചട്ടം 300 അനുസരിച്ച് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി 18.07.2016 -ന് സഭയിൽ നടത്തിയ പ്രസ്താവന

സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

2011 ലെ കാനേഷുമാരി കണക്കുകൾ അനുസരിച്ച് രാജ്യത്തെ 32 ശതമാനം (8 കോടി) വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇതേ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ആകെയുള്ള 77,16,370 വീടുകളിൽ 94.4 ശതമാനം വീടുകളിലും 2011 ൽ തന്നെ വൈദ്യുതി എത്തിക്കഴിഞ്ഞു. മറ്റ് പല മേഖലയിലും എന്ന പോലെ ഗാർഹിക വൈദ്യുതീകരണത്തിലും ദേശീയ ശരാശരിയേക്കാൾ മുന്നേറ്റമുണ്ടാക്കാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചത് 2006 -11 ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളാലാണ്.

സംസ്ഥാനത്തെ അസംബ്ളി മണ്ഡലങ്ങൾ അടിസ്ഥാനമാക്കിയാണ് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ അന്ന് നടപ്പാക്കിയത്. സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളിൽ, എം എൽ എ മാർ അകമഴിഞ്ഞ സഹായവും സഹകരണവുമാണ് നല്കിയിരുന്നത്. കൂടാതെ, പാർലമെന്റ് അംഗങ്ങളും വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഈ പദ്ധതി പൂർത്തീകരണത്തിനായി സഹായം നല്കിയിരുന്നു. ഇതോടൊപ്പം സാമൂഹ്യ സന്നദ്ധ പ്രവർത്തകരും സംസ്ഥാന വൈദ്യുതി ബോർഡ് ജീവനക്കാരും ഒത്തൊരുമിച്ച് പ്രവർത്തിച്ചതോടെ ഗാർഹിക വൈദ്യുതീകരണത്തിൽ വലിയ കുതിച്ചു ചാട്ടമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു.

കൂട്ടായും ചിട്ടയായും ഉള്ള പ്രവർത്തനത്തിന്റെ ഫലമായി ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ വൈദ്യുതീകൃത ജില്ലയായി പാലക്കാടിനെ പ്രഖ്യാപിക്കാൻ 2009 ഫെബ്രുവരി മാസം നമ്മുടെ സംസ്ഥാനത്തിനായി. തുടർന്ന് രണ്ട് വർഷത്തിനിടയിൽ തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകൃത ജില്ലയായി പ്രഖ്യാപിച്ചു 2011 മെയ് മാസം ആയതോടെ സംസ്ഥാനത്തെ 140 അസംബ്ളി നിയോജക മണ്ഡലങ്ങളിൽ 89 എണ്ണവും സമ്പൂർണ്ണ വൈദ്യുതീകൃത മണ്ഡലങ്ങളായി നമുക്ക് പ്രഖ്യാപിക്കാൻ കഴിഞ്ഞിരുന്നു.

തുടർന്ന് അധികാരത്തിൽ വന്ന സർക്കാർ, രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (ആർ ജി ജി വി വൈ), ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന (ഡി ഡി യു ജി ജെ വൈ) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴിമാത്രം വൈദ്യുതീകരണ പദ്ധതികൾ നടപ്പാക്കാനാണ് ശ്രമിച്ചത്. എന്നാൽ ഈ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്രസർക്കാർ വിവിധ ഉപാധികൾ മുന്നോട്ട് വെച്ചത് കാരണം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും വൈദ്യുതി എത്തിക്കാനുള്ള ഭൗതിക സാഹചര്യം ഒരുക്കാൻ കഴിഞ്ഞില്ല.

നിലവിലെ നിയമ പ്രകാരം വൈദ്യുതികണക്ഷൻ ലഭിക്കേണ്ട ഉപഭോക്താവ് തന്നെ അവരുടെ വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള എല്ലാ ചിലവും വഹിക്കേണ്ടതായിട്ടുണ്ട്. ഈ ചിലവ് സ്വയം താങ്ങാൻ സാധിക്കാത്തവർ പലപ്പോഴും വൈദ്യുതി കണക്ഷനായുള്ള അപേക്ഷ തന്നെ

സമർപ്പിക്കാറില്ല.

സമൂഹത്തിൽ പിന്നോക്കാവസ്ഥയിൽ ജീവിക്കുന്നവർക്കും, തന്റെ വീടിനടുത്ത് വരെ വൈദ്യുതി ലൈനും ട്രാൻസ്ഫോർമറുകളും സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള പണം ചിലവഴിക്കാൻ സാമ്പത്തിക പ്രയാസമനുഭവിക്കുന്നർക്കും ഉൾപ്പടെ നമ്മുടെ സംസ്ഥാനത്തെ എല്ലാ വീടുകളിലും സമയബന്ധിതമായി വൈദ്യുതി വെളിച്ചം എത്തിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കാൻ സർക്കാർ തീരുമാനമെടുക്കുകയാണ്.

കേരളത്തിൽ ഇനിയും വൈദ്യുതി ലഭിക്കാത്ത 2.5 ലക്ഷം വീടുകളെങ്കിലും ഉണ്ടാകുമെന്നാണ് പ്രാഥമികമായി കണക്കാക്കുന്നത്. ഈ വീടുകൾ കണ്ടെത്തി അവിടങ്ങളിലേക്ക് വൈദ്യുതി ലൈൻ വലിച്ച് വൈദ്യുതി കണക്ഷൻ നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

എല്ലായിടങ്ങളിലും സമയബന്ധിതമായി ലൈൻ നിർമിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കാനുള്ള ചിലവ് പൂർണമായും വഹിക്കാൻ സാമ്പത്തിക ഞെരുക്കം കാരണം വൈദ്യുതി ബോർഡിന് സാധിക്കാത്ത നിലയുണ്ട്. ഈ പദ്ധതി നടത്തിപ്പിനായി കെ എസ് ഇ ബിയുടെ തനത് ഫണ്ട്, കേന്ദ്രവിഷ്കൃത പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഫണ്ട് എന്നിവ ഉപയോഗിക്കുന്നതോടൊപ്പം സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽപ്പെടുത്തി ഈ പദ്ധതിക്കാവശ്യമായ തുക കണ്ടെത്താൻ ശ്രമിക്കും.

നിയമസഭാംഗങ്ങളുടെ പ്രത്യേക വികസന ഫണ്ടിന്റെ ഒരു ഭാഗമെങ്കിലും അവരവരുടെ മണ്ഡലങ്ങളിൽ സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ചിലവഴിക്കണമെന്ന് സർക്കാരിന് വേണ്ടി അഭ്യർത്ഥിക്കുകയാണ്. എം എൽ എ മാരുടെ ആസ്തി വികസന ഫണ്ടും ഇതേ ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണെന്ന് സർക്കാർ നിർദ്ദേശം നൽകുന്നതും പരിഗണനയിലുണ്ട്. മുൻപ് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ച മണ്ഡലങ്ങളിൽ മണ്ഡല പുനർ നിർണ്ണയം അടക്കമുള്ള കാരണങ്ങളാൽ തുടർന്ന് വൈദ്യുതിയില്ലാത്ത വീടുകൾ കണ്ടെത്തുന്നുണ്ടെങ്കിൽ അവയും പദ്ധതിയുടെ ഭാഗമായി വൈദ്യുതീകരിക്കാം.

പദ്ധതിയുടെ കുറ്റമറ്റ നടത്തിപ്പിനായി നിയോജകമണ്ഡല അടിസ്ഥാനത്തിൽ എം എൽ എ മാരുടെ നേതൃത്വത്തിൽ മേൽനോട്ട സമിതി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. മേൽനോട്ട സമിതിയിൽ ഉദ്യോഗസ്ഥ പ്രതിനിധികൾക്ക് പുറമേ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരും അംഗങ്ങളായിരിക്കും. കൂടാതെ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന എം.പി യും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും പ്രത്യേക ക്ഷണിതാക്കളായിരിക്കും.

2017 മാർച്ച് മാസത്തോടെ സമ്പൂർണ വൈദ്യുതീകരണ പ്രക്രിയ പൂർത്തിയാക്കി നമ്മുടെ സംസ്ഥാനത്തെ സമ്പൂർണ വൈദ്യുതീകൃത സംസ്ഥാനമായി പ്രഖ്യാപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പൂർത്തിയാകണമെങ്കിൽ സമയബന്ധിതമായി നിരവധി നടപടികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനോടൊപ്പം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളിൽ നിന്നും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും സർക്കാരേതര സംഘടനകൾ നിന്നും സഹകരണം ആവശ്യമായിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ കക്ഷി രാഷ്ട്രീയ ഭേദമെന്യെ എല്ലാ അംഗങ്ങളുടെയും നിർലോഭമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്,**
**തിരുവനന്തപുരം,**
**2016 ജൂലൈ 18.**

**പി. ജയലക്ഷ്മി,**
**സെക്രട്ടറി-ഇൻ-ചാർജ്.**